# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3899 — 11.11.2019 ൽ മറുപടിക്ക്

## നെടുമങ്ങാട് മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കരകുളം, തോന്നയ്ക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ വെമ്പായം, മാണിക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിയിട്ടുണ്ട്. |
| (ബി) | ഇവയിൽ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന നടപടികൾ പൂർത്തീകരിച്ചതെന്നും ഏതിന്റെയെല്ലാം നടപടികളാണ് പുരോഗമിക്കുന്നതെന്നും എന്നത്തേക്ക് നടപടികൾ പൂർത്തീകരിക്കാനാവുമെന്നും വ്യക്തമാക്കുമോ; | (ബി) | ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ കരകുളം, തോന്നയ്ക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നടപടികൾ പൂർത്തീകരിച്ച് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. രണ്ടാം ഘട്ടത്തിലെ വെമ്പായം, മാണിക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുന്നതിന് കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും പണിയുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം. മുഖേന നടന്നു വരുന്നു. നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഉദ്ഘാടനം നടക്കുന്നതാണ്. ഇവിടേക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഇതിന്റെ ഭാഗമായി ഏതെല്ലാം തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (സി) | നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്ത തോന്നയ്ക്കൽ, കരകുളം എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കായി ഓരോ സ്ഥാപനത്തിനും വേണ്ടി അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ്-1 എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിലെ സ്ഥാപനങ്ങൾക്ക് വേണ്ടി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ